**പതിനാലാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 4167**

**24.10.2016-ൽ മറുപടിക്ക്**

## സൗമ്യ വധക്കേസിൽ സുപ്രീം കോടതി വിധി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ** | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| സൗമ്യ വധക്കേസിൽ സുപ്രീം കോടതി വിധി ജനങ്ങളിൽ ആശങ്ക ഉണ്ടാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കേസിന്റെ അന്വേഷണത്തിലാണോ നടത്തിപ്പിലാണോ പാളിച്ച സംഭവിച്ചത്; വിശദീകരിക്കുമോ? | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സൗമ്യ വധക്കേസ് അന്വേഷണത്തിലോ നടത്തിപ്പിലോ പാളിച്ച പറ്റിയിട്ടില്ല. അന്വേഷണം മികച്ച രീതിയിലും കുറ്റമറ്റതായും നടത്തുന്നതിന് വേണ്ടി കുറ്റാന്വേഷണ രംഗത്തെ മികച്ച പോലീസുദ്യോഗസ്ഥർ ഉൾപ്പെട്ട ഒരു ടീം ആണ് അന്വേഷണം നടത്തിയത്. കൃത്യ സമയത്തു തന്നെ അന്വേഷണം പൂർത്തിയാക്കി ബഹു: കോടതിയിൽ കുറ്റപത്രം സമർപ്പിക്കുകയും ബഹു: വിചാരണക്കോടതി (ഫാസ്റ്റ് ട്രാക്ക് I തൃശ്ശൂർ) പ്രതി ഗോവിന്ദച്ചാമിക്ക് പരമോന്നത ശിക്ഷയായ വധശിക്ഷ നൽകിയിട്ടുള്ളതും, ബഹു: ഹൈക്കോടതി ഈ ശിക്ഷ ശരിവയ്ക്കുകയും ചെയ്തിട്ടുള്ളതുമാണ്. ടി കേസിന്റെ നടത്തിപ്പ് വളരെ മികച്ച രീതിയിൽ നടത്തിയിട്ടുള്ളതും നടത്തിപ്പിൽ വീഴ്ചകളോ പാളിച്ചകളോ സംഭവിച്ചിട്ടില്ലാത്തതുമാണ്. സൗമ്യ വധക്കേസിലെ ബഹു: സുപ്രീംകോടതി വിധിക്കെതിരെ സംസ്ഥാന സർക്കാർ നൽകിയ റിവ്യൂ ഹർജി ബഹു: സുപ്രീംകോടതി ഫയലിൽ സ്വീകരിച്ചിട്ടുള്ളതും അതിന്മേൽ വിശദമായ വാദം കേട്ടുവരുന്നതുമാകുന്നു. |

സെക്ഷൻ ഓഫീസർ